പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 1 — 26. 9.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി

ചോദ്യം

ശ്രീ. വി.ശിവൻകുട്ടി
ശ്രീ.ബി.സത്യൻ
ശ്രീ.എസ്.ശർമ്മ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ; | എ | ഇല്ല. |
| ബി | പദ്ധതിയുടെ പ്രവർത്തന പങ്കാളിയെ കണ്ടെത്തുന്നുതിനുള്ള ടെണ്ടറിൽ എത്ര പേർ പങ്കെടുക്കുകയുണ്ടായി ; | ബി | ലാന്റ്ലോർഡ് മോഡൽ പ്രകാരം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിനുള്ള ടെണ്ടറിൽ 14 കമ്പനികൾ/കൺസോർഷ്യം, Request for Qualification (RFQ) സ്റ്റേജിൽ പങ്കെടുക്കുകയുണ്ടായി. |
| സി | ബിഡ്ഡുകൾ സമർപ്പിക്കുവാനുള്ള സമയ പരിധി നീട്ടിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ കാരണമെന്തായിരുന്നു ; അതുകൊണ്ട് ഉണ്ടായ നേട്ടം എന്തായിരുന്നു ; | സി | ബിഡുകൾ സമർപ്പിക്കാനുള്ള സമയ പരിധി നീട്ടിയിട്ടുണ്ടായിരുന്നു. RFQ സമർപ്പിച്ചവരിൽ നിന്നും യോഗ്യത നേടിയ 12 പേരിൽ ഉൾപ്പെട്ട ചില കമ്പനികൾ/കൺസോർഷ്യങ്ങൾ അപേക്ഷിച്ചിരുന്നതനുസരിച്ചാണ് ബിഡുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിയിട്ടുണ്ടായിരുന്നത്. ബിഡ് സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ച കമ്പനികളുടെ പങ്കാളിത്തം കൂടി ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണു ബിഡിനുള്ള സമയപരിധി നീട്ടി നൽകിയിട്ടുള്ളത്. |
| | | | |

| | | | |
|---|---|---|---|
| ഡി | സാങ്കേതിക ടെണ്ടർ, സാമ്പത്തിക ടെണ്ടർ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | ഡി | RFQ സമർപ്പിച്ചവരിൽ യോഗ്യത നേടിയ 12 പേരിൽ നിന്നും ചുവടെ ചേർക്കുന്ന രണ്ടു ബിഡ്ഡർമാർ ആണ് സങ്കേതിക ടെണ്ടറുകളും , സാമ്പത്തിക ടെണ്ടറുകളും സമർപ്പിച്ചിട്ടുള്ളത്.<br><br>1. Consortium of Welspun Infratech Ltd (India) , Welspun Corp Ltd ( India) , Leighton Contractors (India) Private Ltd.<br>2. Mundra Port And Special Economic Zone (India).<br><br>ഇവരുടെ സാങ്കേതിക ബിഡ്ഡുകൾ പദ്ധതി ഉപദേശകരായ IFC വിലയിരുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എമ്പവേർഡ് കമ്മിറ്റി സാങ്കേതിക ബിഡ്ഡുകൾ വിലയിരുത്തുകയും രണ്ടു കമ്പനികളും സാങ്കേതികമായി യോഗ്യരാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ഇവരുടെ സാമ്പത്തിക ടെണ്ടർ തുറക്കുന്നത് കേന്ദ്ര ഗവൺമെന്റിൽ നിന്നും സുരക്ഷാ അനുമതി ലഭിച്ചതിനു ശേഷം മതിയെന്നും എൻപവേർഡ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. രണ്ടു കമ്പനികളുടെയും സുരക്ഷാനുമതിയ്ക്കായി 15-9-2011 ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. |
| ഇ | സാമ്പത്തിക ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ളവ തമ്മിലുള്ള വ്യത്യാസം എത്രയായിരുന്നു ; | ഇ | സാമ്പത്തിക ടെണ്ടർ ഇതുവരെ തുറന്നിട്ടില്ല. |
| എഫ് | പ്രവർത്തന പങ്കാളിയായി കണ്ടെത്തിയ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുകയുണ്ടായോ; എഗ്രിമെന്റിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ് ? | എഫ് | പ്രവർത്തന പങ്കാളിയെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ എഗ്രിമെന്റ് വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ